**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2698** — **06/02/2018-ൽ മറുപടിയ്ക്ക്.**

**ഗുണനിലവാരമില്ലാത്ത പാൽ വിൽക്കുന്ന കമ്പനികൾക്കെതിരെ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഇതു കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളും പ്രവർത്തിക്കുന്നുണ്ട്. ഈ ലാബുകളിലും പാൽ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ട്.<br><br>സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ഒരു ക്വാളിറ്റി കൺട്രോൾ |

ഓഫീസറുടെ നേതൃത്വത്തിലുള്ള ലബോറട്ടറി സൗകര്യത്തോടു കൂടിയ ഗുണനിയന്ത്രണ വിഭാഗം പ്രവർത്തിച്ചു വരുന്നു. ക്ഷീരസഹകരണ സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുക, മാർക്കറ്റിൽ ലഭ്യമായ കവറുപാലുകളുടെ ഗുണനിലവാരം പരിശോധിക്കുക എന്നിവ ജില്ലാ ഗുണനിയ ന്ത്രണ ഓഫീസുകൾ മുഖേന നടത്തി വരുന്നു. കൂടാതെ ആലത്തൂരിൽ ഒരു റീജിയണൽ ഡെയറി ലാബ് പ്രവർത്തിച്ചുവരുന്നു. കോട്ടയം, കാസർഗോഡ് എന്നിവിടങ്ങളിലെ റീജിയണൽ ലാബുകൾ ഉടൻ പ്രവർത്തന സജ്ജമാകും.

NABL അക്രഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡെയറി ലാബ് തിരുവനന്തപുരം പട്ടത്ത് പ്രവർത്തിച്ചു വരുന്നു.

ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനില വാരം പരിശോധിക്കുന്ന തിനായി മീനാക്ഷിപുരത്ത് സ്ഥിരം പാൽ പരി ശോധനാ ലബോറട്ടറി പ്രവർത്തിച്ചു വരുന്നു. ആര്യങ്കാവിലും പാറശ്ശാലയിലും ചെക്ക്പോസ്റ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഗുണനിലവാരം ഇല്ലാത്ത പാൽ വില്ക്കുന്ന കമ്പനികൾക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുന്നതിന് ക്ഷീരവികസന വകുപ്പിന് സാധിക്കുമോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ക്ഷീരവികസന വകുപ്പിന് നിലവിൽ ഗുണ നിലവാരം കുറഞ്ഞ പാൽ വില്പനയ്ക്കെതിരെ നടപടി സ്വീകരിക്കു ന്നതിന് അനുവാദമില്ല.

ഭക്ഷ്യസുരക്ഷാ നിയമം 2006 നടപ്പിൽ വന്നതോടുകൂടി ക്ഷീരവികസന വകുപ്പിന് മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട് ഓർഡർ 1992 (എം.എം.പി.ഒ) പ്രകാരം പാൽ

| | | |
|---|---|---|
| | | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള ക്ഷീരവികസന വകുപ്പിന്റെ അധികാരം ഇല്ലാതായി. |
| (സി) | ക്ഷീരവികസന വകുപ്പിന് നിലവിൽ മിൽക്ക് ആൻഡ് മിൽക്ക് പ്രോഡക്റ്റ് ഓർഡർ 1992 (എം.എം.പി.ഒ) പ്രകാരം നടപടിയെടുക്കാൻ സാധിക്കുമോ ; | നടപടി എടുക്കാൻ കഴിയില്ല. |
| (ഡി) | സാധിക്കുകയില്ലായെങ്കിൽ ഗുണനിലവാരമില്ലാത്ത പാൽ വിൽക്കുന്ന കമ്പനികൾക്കെതിരെ എപ്രകാരമാണ് വകുപ്പ് നടപടി സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | കേരളത്തിൽ വില്പന നടത്തുന്നവയിൽ ഗുണനിലവാരമില്ലാത്ത പാൽ കണ്ടെത്തുന്ന പക്ഷം നിയമ നടപടി സ്വീകരിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന് കൈമാറുന്നു. |

സെക്ഷൻ ഓഫീസർ.